കയർപിരി മേഖല നേരിടുന്ന പ്രശ്നങ്ങൾ

136 [454] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർപിരി മേഖല നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്നും അവ പരിഹരിക്കുന്നതിന് 2001 മേയ് മാസത്തിനുശേഷം സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ കയർപിരി മേഖലയ്ക്ക് നൽകാനുണ്ടായിരുന്ന റിബേറ്റ് കുടിശ്ശിക കൊടുത്തു തീർത്തു. കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും വാങ്ങുന്നതിന് ഡിസ്ട്രസ് പർച്ചേസ് ഫണ്ട് നടപ്പിലാക്കി. 50 ശതമാനം കേന്ദ്ര സഹായത്തോടെയുള്ള എം.ഡി.എ. പദ്ധതി 2000-2001 മുതൽ നടപ്പിലാക്കി വരുന്നു. പീഡിത കയർപിരി സംഘങ്ങൾക്കുള്ള പുനരുദ്ധാരണ ഫണ്ട് നൽകി വരുന്നു. ഇന്ന് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നം ചകിരിയുടെ ദൗർലഭ്യവും തൊണ്ടിന്റെ ഗുണനിലവാരക്കുറവുമൂലം ചകിരി നാരിന്റെ തൂക്കത്തിലുണ്ടാകുന്ന കുറവുമാണ്. ചകിരിക്ഷാമം പരിഹരിക്കുന്നതിനായി കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും യഥാക്രമം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ ചകിരി വാങ്ങി സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നുണ്ട്. സ്വകാര്യ വ്യക്തികളും അയൽ സംസ്ഥാനങ്ങളിൽ നിന്ന് ചകിരി കൊണ്ടു വരുന്നുണ്ട്. കയർഫെഡിന് 200 ലക്ഷം രൂപയും കയർ കോർപ്പറേഷന് 50 ലക്ഷം രൂപയും റോ-മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി അനുവദിച്ചു നൽകുകയുണ്ടായി. ചകിരിനാരിന്റെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് സ്വകാര്യ മേഖലയിൽകൂടി യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന സംരംഭകർക്ക് അവരുടെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50 ശതമാനം തുക പരമാവധി 10 ലക്ഷം രൂപ വരെ സബ്സിഡിയായി നൽകുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുമ്പോഴുണ്ടാകുന്ന ചകിരിച്ചോറു മൂലമുള്ള പരിസ്ഥിതി പ്രശ്നം പരിഹരിക്കപ്പെടുന്നതിന് 30 ശതമാനം സബ്സിഡി നൽകുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യം ഒരു പരിധി വരെ പരിഹരിക്കുന്നതിനായി ചകിരി ഇറക്കുമതി ചെയ്യുവാൻ നടപടികൾ എടുത്തു വരുന്നു.

മാർക്കറ്റിൽ ആവശ്യമുള്ള പലതരം കയർ ഉൽപ്പാദിപ്പിക്കുന്നതിന് സി-ഡോക്ട് പരിശീലനം നൽകി വരുന്നു. ഏതാണ്ട് 6000 സ്ത്രീ കയർ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും 1/4 HP മോട്ടോർ ഘടിപ്പിച്ച റാട്ടുകൾ നൽകുന്നതിനും ഒരു മാസത്തെ പ്രവർത്തന മൂലധനവും, വർക്ക്ഷെഡ് സൗകര്യവും നൽകി, സ്ത്രീ സ്വയം സഹായക സംഘങ്ങൾ രൂപീകരിക്കുവാനുള്ള പദ്ധതി കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചകിരിപിരി മേഖലയിൽ സാങ്കേതിക വിദ്യയും യന്ത്രവൽക്കരണവും വരുന്നതിനായി ഗവേഷണത്തിന് മുൻതൂക്കം കൊടുത്തുകൊണ്ട് ഒരു ദേശീയ കയർ ഗവേഷണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികളെടുത്തു വരുന്നു.

കയറുല്പാദനത്തിന് വേണ്ടിവരുന്ന ചകിരി

137 [455] ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. കെ. എൻ. എ. ഖാദർ:
" പി. കെ. അബ്ദുറബ്ബ്:
" സി. മോയിൻകുട്ടി:
" സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയറുല്പാദനത്തിന് വേണ്ടിവരുന്ന ചകിരി മുഴുവൻ സംസ്ഥാനത്തിനകത്തു നിന്ന് ലഭിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ചകിരിയുടെ ലഭ്യതക്കുറവ് എങ്ങനെ പരിഹരിക്കുന്നു എന്നറിയിക്കാമോ;

(സി) ഇതിനായി ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടോ;

(ഡി) എങ്കിൽ എത്രമാത്രം, എവിടെ നിന്നെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വകാര്യ വ്യക്തികളും കയർഫെഡും കയർ കോർപ്പറേഷനും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ചകിരി കൊണ്ട് വരുന്നുണ്ട്. കയർഫെഡ് തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളിൽ നിന്നും കയർ കോർപ്പറേഷൻ ലക്ഷദ്വീപിൽ നിന്നും ചകിരി വാങ്ങി വിതരണം ചെയ്തിരുന്നു. ചകിരി ഇറക്കുമതി ചെയ്യുവാനുള്ള പ്രാരംഭ നടപടികളും എടുത്തു വരുന്നു. ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ഒരു റോ മെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിനായി കയർഫെഡിന് രണ്ടു കോടി രൂപയും കയർ കോർപ്പറേഷന് 50 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ഐ.സി.ഡി.പി. പദ്ധതി പ്രകാരം സഹകരണ മേഖലയിൽ സ്ഥാപിച്ച എല്ലാ ഡീ ഫൈബറിംഗ് മില്ലുകളെയും പ്രവർത്തന ക്ഷമമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ചകിരി ദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly